**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4387** **09-08-2021 - ൽ മറുപടിയ്ക്ക്**

**തക്കല പത്മനാഭപുരം കൊട്ടാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | **Shri Ahammad Devarkovil**<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ 2021 വരെ തക്കല പത്മനാഭപുരം കൊട്ടാരത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ഈ തുക വിനിയോഗിച്ച് ഏതൊക്കെ പ്രവൃത്തികളാണ് ചെയ്തതെന്ന് അറിയിക്കുമോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | 2016-17 മുതൽ 2020-21 വരെ തക്കല പത്മനാഭപുരം കൊട്ടാരത്തിന്റെ സംരക്ഷണം, മ്യൂസിയത്തിലെ സന്ദർശക സൗകര്യ മൊരുക്കൽ, സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തൽ, പരിസരവികസനം എന്നിവയ്ക്കായി ആകെ 4,12,07,002 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 2016-2017 1) മ്യൂസിയത്തിന്റെ വികസനവും CCTV എന്നിവ സ്ഥാപിക്കൽ - 22,83,870/- 2) രാസസംരക്ഷണ പ്രവർത്തനം സുരക്ഷാ ഉപകരണങ്ങൾ - 2,06,883/- 2017-2018 1. മ്യൂസിയം വികസനം, സന്ദർശകർക്ക് സൗകര്യങ്ങൾ ഒരുക്കൽ, പരിസരം മോടിപിടിപ്പിക്കൽ, ഡോക്യുമെന്റേഷൻ എന്നിവ - 1,31,83,442/- 2. രാസസംരക്ഷണ പ്രവർത്തനങ്ങൾ സുരക്ഷ ഉപകരണങ്ങൾ എന്നിവ - 22,98,319/- 3. ഘടനാ സംരക്ഷണ പ്രവർത്തനങ്ങൾ - 41,01,459/- 2018-2019 1. ഗ്യാലറികളുടെ നവീകരണം, ഇലക്ട്രോണിക് ബ്രോഷർ തയ്യാറാക്കൽ, ബാരിയർ ഫ്രീ പദ്ധതി - 1,06,74,750/- 2. ഘടനാ സംരക്ഷണ പ്രവൃത്തികൾ - 50,07,640,/- 2019-2020 1. പരിസരം മോടിപിടിപ്പിക്കലും പുൽത്തകിടി നിർമ്മാണത്തിനും.- 3,29,864/- 2. ഘടനാ സംരക്ഷണം- 29,88,919/- 2020-2021 Walky Talky സ്ഥാപിക്കുന്നതിലേക്ക്- 1,31,856/- |
| (ബി) | പ്രസ്തുത കൊട്ടാരത്തിൽ നിലവിൽ എത്ര ജീവനക്കാരുണ്ടെന്ന് അറിയിക്കുമോ; ഇതിൽ കരാർ വ്യവസ്ഥയിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ജോലി ചെയ്യുന്നവരുടെ വിവരങ്ങൾ ഇനം തിരിച്ച് അറിയിക്കാമോ; | (ബി) | തക്കല പത്മനാഭപുരം കൊട്ടാരത്തിൽ നിലവിൽ 95 ജീവനക്കാർ ജോലി നോക്കി വരുന്നു. ഇവ താഴെപ്പറയും പ്രകാരം ആണ്. I. സ്ഥിരം ജീവനക്കാർ - 15 II. ഡെപ്യൂട്ടേഷൻ (കേരള പോലീസ് ഉദ്യോഗസ്ഥർ) - 09 1. പാർട്ട് ടൈം സ്വീപ്പർ (സ്ഥിരം) _ 12 III. ദിവസവേതന ജോലിക്കാർ 1. ഫുൾടൈം -43 2. പാർട്ട് ടൈം - 16 |
| (സി) | ഇതിൽ കരാർ ജീവനക്കാർക്ക് ഏത് മാസം | (സി) | നിലവിൽ കരാർ ജീവനക്കാർ ആരും തന്നെ |

| | | | |
|---|---|---|---|
| | വരെയുള്ള വേതനം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; ഇവർക്ക് ശമ്പളം കൃത്യമായി നൽകുന്നതിന് തടസ്സം നേരിട്ടിട്ടുണ്ടോ; എങ്കിൽ ശമ്പളം കൃത്യമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദാംശം അറിയിക്കാമോ? | | മ്യൂസിയത്തിൽ ജോലി നോക്കുന്നില്ല. |

സെക്ഷൻ ഓഫീസർ